# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 1700/11/12/2025/**

പരാതികക്ഷി എ കെ രാമചന്ദ്രൻ നായർ,ശാന്തി ഭവൻ,ശീമമുള്ള
വട്ടപ്പാറ,വേങ്കോട്,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 01.08.2025**

19.07.2024 തീയതിയിൽ ശക്തമായ കാറ്റിലും മഴയിലും പരാതികക്ഷിയുടെ ഓലമേഞ്ഞ വീട് തകർന്നു എന്നും, ഇത് സംബന്ധിച്ച് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയെങ്കിലും നാളിതുവരെ യാതൊരു ധനസഹായവും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ് പരാതി സംഗതി.

1. പരാതി വിഷയത്തിൽ കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.06.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. കരകുളം ഗ്രാമപഞ്ചായത്തിൽ കരയാളത്തുകോണം വാർഡിൽ ശ്രീ. കെ രാമചന്ദ്രൻ നായർ എന്നയാളുടെ പച്ചക്കട്ട കൊണ്ട് കെട്ടിയ വീട് 17.07.2024 തീയതി ഉണ്ടായ കനത്ത മഴയിലും കാറ്റിലുംപെട്ട് വീട് ഭാഗികമായി ഇടിഞ്ഞു പോവുകയുണ്ടായി എന്നും, സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിക്കുന്നതിന് വട്ടപ്പാറ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷ വില്ലേജ് ഓഫീസർ അസിസ്റ്റൻറ് എൻജിനീയറുടെ റിപ്പോർട്ടിനായി കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 19.08.2024 തീയതി നൽകിയെന്നും അസിസ്റ്റൻറ് എൻജിനീയർ നാശനഷ്ടം 60-70 ശതമാനമായി കണക്കാക്കി റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ടും ടി അപേക്ഷയും 24.09.2024 തീയതി വട്ടപ്പാറ വില്ലേജ് ഓഫീസർക്ക് തിരികെ നൽകിയിട്ടുണ്ടെന്നും സാമ്പത്തിക സഹായം അനുവദിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

2. പരാതി പരിഗണനയ്ക്ക് എടുത്ത 01.08.2025 തീയതി ഹാജരായ ഹർജികക്ഷി നാളിതുവരെ തനിക്ക് ധനസഹായം ഒന്നും ലഭിച്ചിട്ടില്ല എന്ന് പറയുകയുണ്ടായി. അർഹതപ്പെട്ട ധനസഹായം ഇനിയും വൈകിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ 6 ആഴ്ചയ്ക്കുള്ളിൽ പരാതികക്ഷിക്ക് അർഹതപ്പെട്ട ധനസഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ജില്ലാ കളക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ